Malayala Manorama 20/10/2021

മഞ്ഞളിപ്പ് രോഗ പ്രതിരോധ ഇനം കമുകിൻ തൈകൾ വികസിപ്പിക്കും

സുള്ള്യ • വർഷങ്ങളായി മഞ്ഞളിപ്പ് രോഗം പടർന്ന അടയ്ക്ക തോട്ടത്തിൽനിന്നു മഞ്ഞളിപ്പ് രോഗത്തെ പ്രതിരോധിച്ച കമുക് കണ്ടെത്താനുള്ള നടപടി തുടങ്ങി. സിപിസിആർഐയിലെ ശാസ്ത്രജ്ഞരാണ് മഞ്ഞളിപ്പ് രോഗം പടർന്നു നശിച്ച കമുക് തോട്ടത്തിൽനിന്നു രോഗം പടരാതെ ഇപ്പോഴും പച്ചപ്പ് നിലനിർത്തുന്ന കമുക് കണ്ടെത്തുന്ന നടപടി തുടങ്ങിയത്.

ഇതിനായി മഞ്ഞളിപ്പ് രോഗം മൂലം നശിച്ച സംപാജെ, ചെംബു ഗ്രാമങ്ങളിലെ അടയ്ക്ക തോട്ടങ്ങളിൽ വിട്ട്ല സിപിസിആർഐയിലെ ശാസ്ത്രജ്ഞൻ ഡോ.ഭവിഷിന്റെ നേതൃത്വത്തിലുള്ള സംഘം പരിശോധന നടത്തി. 20 വർഷത്തിലധികമായി മഞ്ഞളിപ്പ് രോഗം പടർന്ന് 90 ശതമാനത്തിലധികം വിളവ് നശിച്ച തോട്ടത്തിൽ രോഗത്തെ പ്രതിരോധിച്ച് ഇപ്പോഴും പച്ചപ്പ് നിലനിർത്തി വിളവ് നൽകുന്ന കമുക് കണ്ടെത്തി അടയാളപ്പെടുത്തി.

വരും ദിവസങ്ങളിൽ ഈ കമുക് പരിപാലിച്ച് ലാബുകളിലും മറ്റും കൂടുതൽ പരിശോധന നടത്തി രോഗം ഇല്ലെന്ന് ഉറപ്പ് വരുത്തും. പിന്നീട് ഈ കമുകിന്റെ സഹായത്തോടെ മഞ്ഞളിപ്പ് രോഗ പ്രതിരോധ ശേഷിയുള്ള കമുകിൻ തൈകൾ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം എന്ന് ശാസ്ത്രജ്ഞർ പറഞ്ഞു.

മഞ്ഞളിപ്പ് രോഗത്തെ പ്രതിരോധിച്ച കമുക് കണ്ടെത്താനുള്ള നടപടിയുടെ ഭാഗമായി സിപിസിആർഐ യിലെ ശാസ്ത്രജ്ഞർ സംപാജെയിലെ കമുകിൻ തോട്ടത്തിൽ പരിശോധന നടത്തുന്നു.

സുള്ള്യ താലൂക്കിലെ സംപാജെ , കുടക് സംപാജെ, ചെംബു തുടങ്ങി വിവിധ ഗ്രാമങ്ങളിൽ മഞ്ഞളിപ്പ് രോഗം ബാധിച്ച് ആയിരക്കണക്കിനു ഏക്കർ അടയ്ക്ക കൃഷി നശിച്ചിരുന്നു.